എണ്ണത്തിൽ ഗണ്യമായ അംഗസംഖ്യയുള്ള പലവക സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ക്രിയാത്മക പദ്ധതികൾ ആവിഷ്കരിക്കൽ.

6. ഐ.സി.ഡി.പി. പദ്ധതി പൂർത്തിയാക്കിയ ജില്ലകളിൽ ഈ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിന് രണ്ടാംഘട്ടം നടപ്പിലാക്കൽ.

(ബി) ഐ.സി.ഡി.പി. പദ്ധതിയും എൻ.സി.ഡി.സി.യുടെ പദ്ധതികൾ സർവ്വീസ് മേലയിൽ വ്യാപിപ്പിക്കുന്നതുമൊഴികെയുള്ള പദ്ധതികൾ ഈ സാമ്പത്തികവർഷം തന്നെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(സി) ഇക്കാര്യം പരിഗണനയിലാണ്.

കെ.എസ്.ആർ.ടി.സി.യുടെ അന്തർസംസ്ഥാന സർവ്വീസുകൾ

*4 [480] *ശ്രീ. ജോണിനെല്ലൂർ:*

„ *ടി. എം. ജേക്കബ്:*

„ *കെ. ബി. ഗണേഷ് കുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-2006 വർഷത്തിൽ അന്തർസംസ്ഥാന സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. ആരംഭിക്കുന്നത് സംബന്ധിച്ച് അന്യസംസ്ഥാനങ്ങളുമായി എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) മുംബൈ, ബാംഗ്ലൂർ, ചെന്നൈ എന്നീ പട്ടണങ്ങളിലേക്ക് കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ നിന്ന് കെ.എസ്.ആർ.ടി.സി.യുടെ എയർകണ്ടീഷൻഡ് ബസ്സുകൾ സർവ്വീസ് നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഗതാഗതവകുപ്പുമന്ത്രി *(ശ്രീ. എൻ. ശക്തൻ):*

(എ) ചർച്ച നടത്താൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) മുംബൈ, ചെന്നൈ എന്നീ റൂട്ടുകൾ അന്തർസംസ്ഥാന കരാറുകളിൽ ഉൾപ്പെടാത്തതിനാൽ കെ.എസ്.ആർ.ടി.സി.-ക്ക് പ്രസ്തുത സർവ്വീസുകൾ ഓടിക്കുവാൻ ഇപ്പോൾ കഴിയുകയില്ല.

കെ.എസ്.ആർ.ടി.സി. ബാംഗ്ലൂരിലേക്ക് മൂന്നു സർവ്വീസുകൾ ഓടിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിൽ തിരുവനന്തപുരം-ബാംഗ്ലൂർ 3-8-2005 ന് ആരംഭിക്കുകയുണ്ടായി. അന്തർസംസ്ഥാന കരാറുകളെക്കുറിച്ച് ചർച്ച നടത്തുമ്പോൾ മുംബൈ, ചെന്നൈ എന്നീ പട്ടണങ്ങളിലേക്ക് സർവ്വീസ് നടത്തുന്നകാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly